# സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

*(സാന്നിദ്ധ്യം : ശ്രീമതി. റ്റി. വി. അനുപമ IAS)*

വിഷയം :- സാമൂഹ്യനീതിവകുപ്പ് :-സംയോജിത ശിശുവികസന പദ്ധതി - ന്യൂട്രീമിക്സ് യൂണിറ്റുകൾക്ക് ചില്ല് കുപ്പി വിതരണം ചെയ്യുന്നത് 2017 മേയ് മാസ ത്തേക്ക് നീട്ടുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017-ലെ 1205/ഡി/2015/കെ. എസ്.എച്ച്.ഒ നമ്പർ കത്ത്.
2) 19.01.2016-ലെ ജി.ഒ(സാധ) നം.159/2017 തസ്വ ഭവ. നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ICDS B3-2974/16 തീയതി 22/03/2017

സൂചന രണ്ടിലെ ഉത്തരവ് പ്രകാരം ന്യൂട്രീമിക്സ് ഉൽപ്പന്നത്തിന്റെ വില 01/12/2016 മുതൽ 70/- രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ന്യൂട്രീമിക്സ് യൂണിറ്റുകൾക്ക് 01/12/2016 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക സൂപ്പർവൈസർമാർ അടിയന്തിരമായി മാറിനൽകേണ്ടതാണ്.

കൂടാതെ ഉപയോക്താക്കൾക്ക് ന്യൂട്രീമിക്സ് കേട് വരാതെ അടച്ച് സൂക്ഷിക്കുന്നതിന് ഒരോ ചില്ല് കുപ്പി നൽകേണ്ടതും അത് അടച്ച് സൂക്ഷിക്കുന്നതിന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതാണെന്നും പരമാമർശം രണ്ട് പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഓരോ ജില്ലയ്ക്കും 50,000/- കുപ്പിയെങ്കിലും വേണ്ടി വരുമെന്നും ഇത് സംഭരിക്കുന്നതിന് കാലതാമസം വേണ്ടിവരുമെന്നും 2017 മേയ് മാസം മുതൽ ചില്ല് കുപ്പിയിൽ വിതരണം ചെയ്യാമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ചില്ല് കുപ്പി വിതരണം 2017 മേയ് മാസത്തിൽ നടത്തുമെന്ന വ്യവസ്ഥയിൽ ന്യൂട്രീമികസ് യൂണിറ്റുകളുടെ തുക സൂപ്പർവൈസർമാർ മാറി നൽകാൻ വേണ്ട നർദ്ദേശം നൽകി ഉത്തരവാകുന്നു.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

മാനേജർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം.

പകർപ്പ്:-1) എല്ലാ സൂപ്പർവൈസർമാർക്കും(സി.ഡി.പി.ഒ.മുഖാന്തിരം)
2) സൂപ്രണ്ട് ബി സെക്ഷൻ
4)സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്